# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ജൂലൈ 13, ബുധൻ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

18 (*151) **ബ്രഡ്ഡിലും ബണ്ണിലും ക്യാൻസറുണ്ടാക്കുന്ന രാസവസ്തുക്കളുടെ സാന്നിദ്ധ്യം**

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, രാജ്യത്ത് വില്പന നടത്തുന്ന ബ്രഡ്ഡിലും ബണ്ണിലും പൊട്ടാസ്യം ബ്രോമേറ്റിന്റെയും പൊട്ടാസ്യം അയോഡേറ്റിന്റെയും അംശമുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും അവയുടെ സാമ്പിൾ ശേഖരിച്ച് നടത്തിയ പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ കണ്ടെത്തിയിട്ടില്ലെന്ന് സഭയെ അറിയിച്ചു. ബഡ്ജറ്റ് പ്രൊവിഷനുപയോഗിച്ച് നിലവിലുള്ള ഭക്ഷ്യ പരിശോധനാ ലാബുകൾ ശാക്തീകരിക്കുന്നതാണ്. സംസ്ഥാനത്ത് നിലവിലുള്ള നാല് ഭക്ഷ്യപരിശോധനാ ലാബുകൾക്ക്

എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരികയാണ്. ഫുഡ് പ്രൊഡക്ഷൻ സെന്ററുകൾക്ക് ലൈസൻസും രജിസ്ട്രേഷനും നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഭക്ഷ്യവസ്തുക്കളിൽ രാസവസ്തുക്കളുടെ അംശമുണ്ടോയെന്ന് സമയബന്ധിതമായി പരിശോധിക്കുന്നതിന് അത്യാധുനിക സംവിധാനത്തോടുകൂടിയ മൂന്ന് മൊബൈൽ ഫുഡ് സേഫ്റ്റി ലാബുകൾ ആരംഭിക്കുന്നതാണെന്നും ന്യൂജെൻ രാസവസ്തുക്കളെ കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

19 (*152) **<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി</u>**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, മാനദണ്ഡങ്ങൾ പാലിച്ചും മുഖ്യമന്ത്രിയുടെ വിവേചനാധികാരം വിനിയോഗിച്ചുമാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുന്നതെന്നും 18-05-2011 മുതൽ 24-05-2016 വരെയുള്ള കാലയളവിൽ 808,78,08,191/- രൂപ ഈയിനത്തിൽ അനുവദിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെടുന്നവർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ചുവരുന്നുണ്ട്. ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ സഹായധനം കാലതാമസമില്ലാതെ

അനുവദിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

20 (*153) **എൻഡോസൾഫാൻ ദുരിതബാധിതർ**

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും മേൽനോട്ടത്തിനും പരാതി പരിഹാരങ്ങൾക്കുമായി ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സെല്ലും ദുരിത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ജില്ലയുടെ ചുമതലയുള്ള മന്ത്രി ചെയർമാനും ജില്ലാ കളക്ടർ കൺവീനറുമായി ഒരു ജില്ലാതല സെല്ലും പ്രവർത്തിച്ചുവരുന്നതായി സഭയെ അറിയിച്ചു. എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യ സ്പെഷ്യാലിറ്റി-സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ; പ്രതിമാസ പെൻഷൻ; വിദ്യാഭ്യാസ സ്കോളർഷിപ്പ്; സൗജന്യറേഷൻ; ചികിത്സയ്ക്കുള്ള യാത്രാസൗകര്യങ്ങൾ എന്നിവയും ദുരിതബാധിതരെ പരിചരിക്കുന്നവർക്ക് 'ആശ്വാസകിരണം' പദ്ധതി പ്രകാരം ധനസഹായവും നൽകിവരുന്നുണ്ട്. ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യംവച്ച് ഒരു റീഹാബിലിറ്റേഷൻ വില്ലേജ് മൂളിയാർ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, എൻഡോസൾഫാൻ ദുരിതംമൂലം മരണപ്പെട്ടവരുടെ

ആശ്രിതർ എന്നിവർക്ക് അഞ്ച് ലക്ഷം രൂപയും ശാരീരിക വൈകല്യമുള്ളവർ, ക്യാൻസർ രോഗികൾ എന്നിവർക്ക് മൂന്ന് ലക്ഷം രൂപയും ഗഡുക്കളായി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. ദുരിതബാധിതരുടെ പുനരധിവാസം, കടം എഴുതിത്തള്ളൽ എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ദുരിതബാധിതരെ കണ്ടെത്തുന്നതിനായി സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഡ്സ് സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദുരിതബാധിതരുടെ ആശ്രിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത പ്രത്യേക ധനസഹായം അനുവദിച്ചുവരുന്നുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

21 (*154) **നിർഭയ പദ്ധതി**

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുക; ചൂഷണ വിധേയരാകാൻ സാദ്ധ്യതയുള്ളവർക്ക് ബോധവത്കരണം നടത്തുക; ലിംഗവിവേചനം, മദ്യപാനം, ഉപഭോഗാസക്തി ഇവയ്ക്കെതിരെ സാമൂഹ്യാവബോധം സൃഷ്ടിച്ച് ലൈംഗിക കുറ്റകൃത്യങ്ങളിൽ ഏർപ്പെടാനുള്ള പ്രവണത മുൻകൂട്ടി തടയുക; ലൈംഗികാതിക്രമ കേസുകളിലെ കോടതി നടപടികൾ ത്വരിതപ്പെടുത്തി കുറ്റവാളികൾക്ക് പരമാവധി ശിക്ഷ

ഉറപ്പുവരുത്തുക; പീഡനത്തിനിരയായവർക്ക് വേണ്ട ആശ്വാസം നൽകി വിദ്യാഭ്യാസപരമായും തൊഴിൽപരമായും സജ്ജരാക്കുക; അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ അന്തസ്സോടെയുള്ള ജീവിതത്തിന് പ്രാപ്തരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് നിർഭയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പദ്ധതിയുടെ നടത്തിപ്പിനായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഒരു പ്രത്യേക നിർഭയ സെൽ രൂപീകരിച്ചിട്ടുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ ബന്ധപ്പെടുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന നിർഭയ ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ; ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി ഷെൽട്ടർ ഹോം; അതിക്രമങ്ങൾക്കിരയായവർക്ക് ഒരു കുടക്കീഴിൽ വൈദ്യസഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം എന്നിവ ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ 14 ജില്ലകളിലും വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലുകളും വിവിധ ബോധവത്കരണ പരിപാടികളും നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളുകളിലെ കൗൺസിലിംഗ് വ്യാപകമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കേന്ദ്രസർക്കാരിന്റെ മാനദണ്ഡമനുസരിച്ചുള്ള നിർഭയ ഹോമുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിവരികയാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

## 22 (*155) <u>ക്യാൻസർ സെന്റർ നവീകരണം</u>

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന അർബുദ രോഗികളുടെ എണ്ണം കണക്കിലെടുത്ത് എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിലെങ്കിലും ക്യാൻസർ ചികിത്സ ഉറപ്പാക്കുന്നതിനുള്ള പദ്ധതി ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. അർബുദരോഗ വിദഗ്ദ്ധരുടെ ദൗർലഭ്യമുള്ളതിനാൽ നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ പരിശീലനം നൽകി കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ രീതികൾ ബന്ധപ്പെട്ട സെന്ററുകളിലൂടെ സൗജന്യമായി നൽകിവരുന്നുണ്ട്. ആർ.സി.സി.-യിൽ ലോകോത്തര നിലവാരത്തിലുള്ള എല്ലാ ക്യാൻസർ ചികിത്സയും രോഗനിർണ്ണയ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച കൊച്ചി ക്യാൻസർ & റിസർച്ച് സെന്റർ യാഥാർത്ഥ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതാണ്. മലബാർ ക്യാൻസർ സെന്റർ ടേർഷ്യറി ക്യാൻസർ കെയർ സെന്ററായി ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കുട്ടികൾക്കും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും സൗജന്യ ക്യാൻസർ ചികിത്സ നൽകിവരുന്നുണ്ട്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. വയനാട് ജില്ലയിൽ ക്യാൻസർ ചികിത്സയ്ക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്.

പ്രാരംഭ ഘട്ടത്തിൽ രോഗനിർണ്ണയം നടത്തുന്നതിനായി early detection ക്യാമ്പുകൾ സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ജില്ലാ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളാക്കി ഉയർത്തി ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. നിലവിലുള്ള ക്യാൻസർ ചികിത്സാ ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കുന്നതിനും താലൂക്കാശുപത്രികളിൽ ക്യാൻസർ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ വ്യാപകമാക്കുന്നതിനും നടപടി സ്വീകരിക്കുമെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 1244 മുതൽ 1537 വരെയുള്ള ചോദ്യങ്ങളിൽ 34 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *